# കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 4406/11/12/2024/ TVM

| | |
|---|---|
| പരാതികക്ഷി | ഷൈനാദാസ്,തടത്തരികത്ത് വീട് ചക്കക്കാട്,വെള്ളുമണ്ണടി, തിരുവനന്തപുരം |
| എതിർകക്ഷികൾ | ആശ,സുശീലൻ,ഷിജി മന്ദിരം ഓലിക്കര,വെള്ളുമണ്ണടി, തിരുവനന്തപുരം |

ഉത്തരവ് തീയതി 13.08.2024

പരാതികക്ഷിയുടെ ഭർത്താവ് ശ്രീ.അരുൺ എതിർകക്ഷിയുടെ വസ്തുവിൽ സ്ഥാപിച്ചിട്ടുള്ള കമ്പി വേലിയിൽ നിന്നുള്ള ഷോക്കേറ്റ് 24/03/2024 തീയതി രാത്രി, മരണപ്പെട്ടതായും, ജന സഞ്ചാരമുള്ള റോഡിനു ചേർന്നാണ് വൈദ്യുതി വേലി നിയമവിരുദ്ധമായി പ്രതിഭാഗം നിർമ്മിച്ചതെന്നും, ഇതിൽ വൈദ്യുതി കടത്തി വിടുന്നതിനെ കുറിച്ച് യാതൊരു മുന്നറിയിപ്പും പരിസരവാസികൾക്ക് കൊടുത്തിട്ടില്ലായെന്നും, എതിർകക്ഷിയുടെ ഉദാസീനതകൊണ്ടു മാത്രമാണ് ഇപ്രകാരം അപകടം സംഭവിച്ചിട്ടുള്ളതെന്നും, വെഞ്ഞാറമൂട് പോലീസ് ക്രൈം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ തുടർനടപടികൾ ഒന്നും ഉണ്ടായിട്ടില്ലായെന്നും, പ്രതികൾക്കെതിരെ കർശനമായ നടപടി ഉണ്ടാകണമെന്നും മറ്റുമാണ് പരാതി സംഗതി.

പരാതി വിഷയത്തിൽ വെഞ്ഞാറമൂട് പോലീസ് സബ് ഇൻസ്പെക്ടർ ഒരു അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചു. പരാതികക്ഷിയുടെ ഭർത്താവായ മോഹനൻ മകൻ അരുൺ 24/03/2024 തീയതി വെഞ്ഞാറമൂട് ഓലിക്കര ക്ഷേത്രത്തിലേയ്ക്ക് പോകുന്ന വഴിയിൽ വച്ച് ഇലക്ട്രിക്കൽ ഷോക്കേറ്റ് മരണപ്പെട്ടു പോയതിലേയ്ക്കായി അന്നേദിവസം വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 438/2024 u/s 174 CrPC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ആയതിലേയ്ക്കുള്ള കൂടുതൽ അന്വേഷണത്തിൽ 304(ii) IPC, 135 (1)(e) of Electricity Amendment Act 2007 വകുപ്പുകൾ ചേർത്ത് കാര്യക്ഷമമായ അന്വേഷണം നടന്നുവരുകയാണെന്നും, ടി കേസിന്റെ പ്രതികളായി കരുതുന്ന വസ്തുവിന്റെ ഉടമകളായ സുശീലനും മകളായ ആശയ്ക്കും തിരുവനന്തപുരം സെഷൻസ് കോടതി മുൻകൂർ ജാമ്യം അനുവദിച്ചു നൽകിയതായി വെളിവായിട്ടുള്ളതും ടി കേസിന്റെ വസ്തുനിഷ്ടവും

കാര്യക്ഷമവുമായ അന്വേഷണത്തിനുശേഷം കാലതാമസം കൂടാതെ തന്നെ കോടതിക്ക് കുറ്റപത്രം സമർപ്പിക്കുന്നതാണെന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചു കാണുന്നു.

13.08.2024 തീയതി നടന്ന വിചാരണവേളയിൽ പരാതികക്ഷി, പങ്കെടുത്ത് റിപ്പോർട്ടിന്മേൽ ആക്ഷേപം സമർപ്പിച്ചു. ഭർത്താവിൻെറ മരണത്തോടെ പരാതികക്ഷിയുടെയും 13 വയസ് പ്രായമുള്ള മകളുടെയും ജീവിതം നിലവിൽ പ്രതിസന്ധിയിലാണെന്ന് പരാതികക്ഷി പറയുകയുണ്ടായി.

പരാതിയും റിപ്പോർട്ടും കമ്മീഷൻ പരിശോധിക്കുകയും ഹർജികക്ഷിയെ നേരിൽ കേൾക്കുകയും ചെയ്തു. വെഞ്ഞാറമൂട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 438/2024 കേസിൻെറ അന്വേഷണം കാലതാമസം കൂടാതെ പൂർത്തിയാക്കി അന്തിമ റിപ്പോർട്ട് കോടതിക്ക് സമർപ്പിക്കേണ്ടതാണെന്ന് വെഞ്ഞാറമൂട് സ്റ്റേഷൻ ഹൗസ് ഓഫീസറോട് നിർദ്ദേശിക്കുന്നു..

നഷ്ടപരിഹാരം ലഭിക്കണമെന്നുണ്ടെങ്കിൽ കോടതിയെ സമീപിക്കേണ്ടതുണ്ട്. ആയതിലേയ്ക്ക് പരാതികക്ഷിക്ക് ജില്ലാ ലീഗൽ സർവ്വീസ് അതോരിറ്റിയെ സമീപിക്കാവുന്നതും അപ്രകാരം സമീപിച്ചാൽ ജില്ലാ ലീഗൽ സർവ്വീസ് അതോരിറ്റിയിൽ നിന്നും ആവശ്യമായ സേവനം പരാതികക്ഷിക്ക് ലഭ്യമാക്കേണ്ടതുമാണ്.

ഉത്തരവിൻെറ കോപ്പി ജില്ലാ ലീഗൽ സർവ്വീസ് അതോരിറ്റി സെക്രട്ടറി, വെഞ്ഞാറമൂട് സ്റ്റേഷൻ ഹൗസ് ഓഫീസർ, പരാതികക്ഷി എന്നിവർക്ക് അയച്ചുകൊടുക്കേണ്ടതാണ്.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ